നം. ഡി 5- 3357/2018

വിവരാവകാശം/മറുപടി
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 4/04/2018
Email - swdkerala@gmail.com
Phone - 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,

Dr. R ധനശേഖരൻ
അസിസ്റ്റന്റ് പ്രൊഫസർ
ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ്
ഗവ. ആർട്സ് കോളേജ് ഫോർ മെൻ
നന്ദനം, ചെന്നൈ 600035

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് - വിവരാവകാശം 2005 - അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച്.
സൂചന :- സർ.കത്ത് നം. 72/D2/18/SJD തീയതി 27/02/2018

കാഴ്ച വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് താങ്കൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങളിൽ ഈ കാര്യാലയവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ബന്ധപ്പെട്ട വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ, ടി വിവരങ്ങൾ ലഭ്യമാകുന്നതിന് താങ്കൾക്ക് സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്.
2. സംസ്ഥാനത്ത് ആകെ 6 സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്. എന്നാൽ കേരള സംസ്ഥാനത്ത് കാഴ്ച പരിമിതർക്കു മാത്രമായി എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് ഉണ്ടോയെന്നുള്ള വിവരം ലഭ്യമല്ല.
3. 1980 മുതലുള്ള വിവരങ്ങൾ ലഭ്യമല്ല. സംസ്ഥാനത്തെ ഡിസെബിലിറ്റി സെൻസസ് 2015 പ്രകാരം വിഷ്വലി ചലഞ്ച് വിഭാഗത്തിൽ ആകെ 83219 പേരും, അതിൽ 20477 പേർ അന്ധതയുള്ളവരും, 61900 പേർ ഗുരുതരമായ കാഴ്ച കുറവുള്ളവരും 842 പേർ ബധിരാന്ധതയുള്ളവരുമാണ് എന്നുള്ള വിവരം അറിയിക്കുന്നു.

Dh/-

Rcd on 6/4/18

4. താങ്കൾ ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. കാഴ്ച വൈകല്യമുൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.
5. ഈ കാര്യാലയത്തിൽ ടി വിവരങ്ങൾ ലഭ്യമല്ല.
6. കാഴ്ചവൈകല്യമുള്ളവർക്കായുള്ള കേന്ദ്രഗവൺമെന്റ് പദ്ധതികളൊന്നും ഈ കാര്യാലയം മുഖേന നടപ്പിലാക്കുന്നില്ല. എന്നാൽ കാഴ്ച വൈകല്യമുള്ളവരുൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന ADIP Scheme വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

7 & 8 ഏഴ്, എട്ട് എന്നീ ചോദ്യങ്ങളെ സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല.

9. ഒൻപതാമത്തെ ചോദ്യങ്ങൾക്കുള്ള മറുപടി വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശേഖരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം ചുവടെപ്പറയുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

കെ.കെ.സുരേന്ദ്രകുമാർ
അഡീഷണൽ ഡയറക്ടർ/അപ്പലേറ്റ് അതോറിറ്റി
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം - 33

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

Dh/-